**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2480** **12-12-2022 - ൽ മറുപടിയ്ക്ക്**

**സമ്പൂർണ്ണ ദാരിദ്ര്യമുക്തമാക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സമ്പൂർണ്ണ ദാരിദ്ര്യ മുക്തമാക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി എത്ര അതിദരിദ്ര കുടുംബങ്ങളെയാണ് കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | 64006 അതിദരിദ്ര കുടുംബങ്ങളെയാണ് അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ സംസ്ഥാനത്താകമാനം കണ്ടെത്തിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത കുടുംബങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ കുടുംബങ്ങളെയും വ്യക്തികളെയും അതിദരിദ്രാവസ്ഥ യിൽ നിന്നും മോചിപ്പിക്കുന്നതിന് തയാറാക്കുന്ന സൂക്ഷ്മതല പദ്ധതിയാണ് മൈക്രോപ്ലാൻ. അതിദരിദ്ര കുടുംബങ്ങൾക്ക് മൈക്രോപ്ലാൻ തയാറാക്കുമ്പോൾ ഉടൻ നടപ്പാക്കാവുന്ന സർവ്വീസ് പദ്ധതികൾ, ഹ്രസ്വകാലത്തേയ്ക്ക് നടപ്പിലാക്കാവുന്ന പദ്ധതികൾ, ദീർഘകാല പദ്ധതികൾ എന്നിങ്ങനെ മൂന്നായി തരംതിരിച്ചാണ് സേവനങ്ങൾ ലഭ്യമാക്കുന്നത്. ഉടൻ നടപ്പാക്കാവുന്ന സർവ്വീസ് പദ്ധതികളിൽ കുടുംബങ്ങളുടെ അതിജീവനത്തിന് അടിയന്തിരമായി ചെയ്യേണ്ടുന്ന കാര്യങ്ങൾ, എളുപ്പത്തിൽ ചെയ്യാവുന്ന സേവനങ്ങൾ (റേഷൻ കാർഡ്, ആധാർ കാർഡ് മുതലായവ ലഭ്യമാക്കൽ) ആരോഗ്യ ഇൻഷ്വറൻസ്, ഭക്ഷണം, ചികിത്സ മുതലായവ) ഹ്രസ്വകാല പദ്ധതികളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ. പഠന സൗകര്യങ്ങൾ ഒരുക്കൽ, സ്ഥിമായ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തൽ മുതലായവ ഇതിൽ ഉൾപ്പെടുന്നു. ദീർഘ കാല സമഗ്ര പദ്ധതികളിൽ വീട്, കക്കൂസ്, വൈദ്യുതി, കുടിവെള്ളം മുതലായ സേവനങ്ങൾ ഉൾപ്പെടുന്നു. നിലവിൽ തദ്ദേശ സ്ഥാപനതലത്തിൽ ഉടൻ ചെയ്യാവുന്ന സർവ്വീസ് പദ്ധതികളായ അവകാശ രേഖകൾ ലഭ്യമാക്കൽ, ഭക്ഷണം. ആരോഗ്യ പരിശോധന പൂർത്തിയാക്കൽ, സാമൂഹ്യ സുരക്ഷാ പെൻഷൻ, ഏകാംഗകുടുംബത്തിൽ ഉള്ള അതിദരിദ്രരെ പുനരധിവാസ കേന്ദ്രങ്ങളിലേയ്ക്ക് മാറ്റിപാർപ്പിക്കൽ മുതലായ സേവനങ്ങൾ നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | • അതിദരിദ്ര കുടുംബങ്ങൾക്കായി തയ്യാറാക്കിയ മൈക്രോപ്ലാനുകളുടെ എണ്ണം – 55507.<br>• അവ തയ്യാറാക്കിയ തദ്ദേശ സ്ഥാപനങ്ങളുടെ എണ്ണം - 1032.<br><br>ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്തിലും കാസർഗോഡ് കള്ളാർ ഗ്രാമപഞ്ചായത്തിലും അതിദരിദ്രർ ഇല്ല.<br><br>**നൽകിയ സേവനങ്ങൾ**<br><br>ആഹാരം നൽകിയവർ-14618<br><br>ആരോഗ്യ സേവനം ലഭിച്ചവർ-22233<br><br>ആരോഗ്യ ഇൻഷുറൻസ്-733<br><br>സാമൂഹ്യസുരക്ഷ പെൻഷൻ -933<br><br>റേഷൻ കാർഡ്-2584<br><br>ആധാർ കാർഡ്-2289<br><br>ഇലക്ഷൻതിരിച്ചറിയൽ കാർഡു-6776<br><br>ബാങ്ക് അക്കൗണ്ട് -313<br><br>കുടുംബശ്രീ അയൽക്കൂട്ട അംഗത്ത്വം-788<br><br>ഭിന്നശേഷിക്കാരുടെ തിരിച്ചറിയൽ കാർഡ്-37<br><br>തൊഴിലുറപ്പുപദ്ധതി തൊഴിൽ കാർഡ് –761<br><br>AAY റേഷൻ കാർഡ്-238<br><br>ഷെൽട്ടർ ഹോമിലേക്ക് മാറ്റി പാർപ്പിച്ചവർ-194 |

സെക്ഷൻ ഓഫീസർ